# വോട്ടവകാശം വിനിയോഗിക്കുക ഒരനുഷ്ഠാനമായി മാറ്റുക

(നവംബർ 4-ന് ചിക്കാഗോയിൽ നടത്തപ്പെട്ട 1406 കൺവൻഷനിൽ അമേരിക്കയിലെ ഇന്ത്യൻ സമൂഹം വോട്ടവകാശം വിനിയോഗിയ്ക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ജോസ് കല്ലിടിക്കിൽ നൽകിയ പ്രഭാഷണം)

**അ**മേരിക്കയിലെ തിരഞ്ഞെടുപ്പുകളിൽ ഇവിടുത്തെ ഇന്ത്യൻ സമൂഹം സജീവമാക്കേണ്ടതിന്റെയും, വോട്ടവകാശം വിനിയോഗിയ്ക്കേണ്ടതിന്റെയും പ്രാധാന്യം, സാക്ഷരതയിലും രാഷ്ട്രീയ പ്രബുദ്ധതയിലും വോട്ടിംഗ് ശതമാനത്തിലും ഇന്ത്യയിൽ ഏറെ മുന്നിലുള്ള കേരളത്തിൽ നിന്നുള്ള നമ്മുടെ സുഹൃത്തുക്കളെ ബോധവത്ക്കരിക്കേണ്ട ആവശ്യമില്ല. കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കും സംസ്ഥാന അസംബ്ലിയിലേക്കും നടക്കുന്ന തിരഞ്ഞെടുപ്പുകളഇൽ 90% വോട്ടിംഗ് സാധാരണമാണ്. പാർലമെന്റ് തിരഞ്ഞെടുപ്പിൽ പോലും ഇത്ര വലിയൊരു വോട്ടിംഗ് ടേൺ ഔട്ട് ഉണ്ടായാൽ അത് നമ്മളെ ആശ്ചര്യപ്പെടുത്തുകയില്ല. യഥാർത്ഥത്തിൽ മനഃപൂർവ്വം അവിടെ ആരും വോട്ടവകാശം വിനിയോഗിക്കാതിരിയ്ക്കാറില്ല. മറിച്ച്, സ്ഥലത്തില്ലാത്തതിനാലോ, മരണപ്പെട്ടതുകൊണ്ടോ, രോഗബാധിതനായതിനാലോ വോട്ടവകാശം വിനിയോഗിയ്ക്കാൻ കഴിയാത്ത ചിലരുടെ സാഹചര്യമാണ് വോട്ടിംഗ് 100% എത്തിയ്ക്കുന്നതിന് പലപ്പോഴും വിഘാതമാകുന്നത്.

ജനാധിപത്യത്തിന്റെ ഈറ്റില്ലമെന്ന് വിശേഷിപ്പിയ്ക്കപ്പെടുന്ന അമേരിയ്ക്കയിലെ തിരഞ്ഞെടുപ്പുകളിൽ ഈ സ്ഥിതി തികച്ചും വ്യത്യസ്ഥമാണ്. ലോകം മുഴുവൻ ഉറ്റുനോക്കുന്ന അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പുകളിൽ പോലും കേവലം 50% അമേരിക്കൻ പൗരരാണ് വോട്ടവകാശം വിനിയോഗിക്കുന്നത്. കടുത്ത വാശി നിലനിന്ന 2016 പൊതുതിരഞ്ഞെടുപ്പിൽ പോലും വോട്ടിംഗ് ശതമാനം 52% മാത്രമായിരുന്നു എന്നറിയുമ്പോൾ തിരഞ്ഞെടുപ്പിലുള്ള അമേരിക്കൻ ജനതയുടെ വിരക്തി വ്യക്തമാകും.

അമേരിക്കൻ തിരഞ്ഞെടുപ്പുകളിലെ വോട്ടിംഗ് പാറ്റേൺ നിരീക്ഷിച്ചാൽ, പ്രസിഡന്റ് തിരഞ്ഞെടുപ്പുകളിൽ ഉൾപ്പെടുന്ന ജനറൽ ഇലക്ഷനുകളിൽ 50%മോ, അല്പം കൂടുതലോ, വോട്ടിംഗ് ശതമാനം ഉണ്ടാകാറുണ്ട്. എന്നാൽ അമേരിക്കൻ കോൺഗ്രസ്സിലേക്ക് ഉൾപ്പെടെ നടക്കുന്ന മിസ് ടേം ഇലക്ഷനുകളിൽ വോട്ടിംഗ് സതമാനം കുറവാണ്. ലോക്കൽ ബോഡി ഇലക്ഷനിലും, മുഖ്യ പാർട്ടി സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്ന പ്രൈമറി ഇലക്ഷനുകളിലും വോട്ടിംഗ് ശതമാനം തികച്ചും നിരാശാജനകമാണ്. വംശീയതയുടെയും, പ്രായത്തിന്റെയും ലിംഗത്തിന്റെയും അടിസ്ഥാനത്തിൽ വോട്ടിംഗ് ശതമാനം നിരീക്ഷിച്ചാൽ വെളുത്ത വംശജനും, മുതിർന്നവരും, പുരുഷന്മാരും വോട്ടു ചെയ്യുന്നതിൽ കൂടുതൽ താല്പര്യം പ്രകടിപ്പിയ്ക്കുന്നതായി കാണാം.

1787 മുതൽ സമത്വത്തിൽ അധിഷ്ഠിതമായൊരു ഭരണഘടന ഇവിടെ നിലവിൽ വന്നിട്ടും, 1862-ൽ അടിമത്വം നിർത്തലാക്കിയിട്ടും, പിന്നെയും ഒരു നൂറ്റാണ്ടിലധികം അമേരിക്കയിലെ കറുത്ത വംശജരിൽ ഭൂരിപക്ഷത്തിനും വോട്ടവകാശം ലഭിച്ചില്ല. 1965-ൽ പ്രസിഡന്റ് ലിൻഡൻ ജോൺസൺ പൗരാവകാശ നിയമങ്ങളുടെ ഭാഗമായി നടപ്പാക്കിയ വോട്ടിംഗ് റൈറ്റ്സ് ആക്ടിന് ശേഷമാണ് കറുത്തവംശജരിൽ ഏറെയും വോട്ടവകാശത്തിന് അർഹരായത്, നിരവധി പേരുടെ ജീവൻ ബലി കഴിച്ചും, കടുത്ത മർദ്ദനങ്ങൾ ഏറ്റും, ഡോ. മാർട്ടിൻ ലൂഥർ കിംഗ് ജൂണിയറും കൂട്ടരും നടത്തിയ ധീര സമരങ്ങളുടെ ഫലമാണ് വോട്ടിംഗ് റൈറ്റ്സ് ആക്ട്. നിർഭാഗ്യമെന്നു പറയട്ടെ, പ്രസിഡന്റ്, സെന

റ്റർ, സംസ്ഥാന ഗവർണർ ഇത്തരത്തിലുള്ള സുപ്രധാന പദവികളിലേക്ക് തങ്ങളിൽപ്പെട്ട ഒരാൾ മത്സരിക്കുമ്പോൾ മാത്രമേ, കറുത്തവംശജർ കൂട്ടത്തോടെ വോട്ടവകാശം വിനിയോഗിക്കാറുള്ളൂ. 27 മില്ല്യണിൽ അധികം വരുന്ന അമേരിക്കയിലെ ഹിസ്പാനിക്ക് വംശജരുടെയും തിരഞ്ഞെടുപ്പുകളോടുള്ള മനോഭാവം ഏതാണ്ട് കറുത്തവംശജരുടേതിന് സമാനമാണ്.

അമേരക്കയിലെ നിയമാനുസൃത കുടിയേറ്റക്കാരിൽ ത്വരിതഗതിയിൽ വർദ്ധിച്ചുവരുന്ന ഏഷ്യൻ വംശജരുടെ എണ്ണം ഇപ്പോൾ 20 മില്ല്യണിലധികമാണ്. അതിൽ 3 മില്ല്യണോളം ഇന്ത്യൻ വംശജരും ഉന്നതവിദ്യാഭ്യാസം നേടുന്നതിൽ അമേരിക്കയിലെ ഇതര സമൂഹത്തെക്കാൾ ഏറെ മുമ്പിലുള്ള ഇന്ത്യൻ വംശജർ ഇവിടുത്തെ രാഷ്ട്രീയത്തിൽ ഇടപെടുന്നതിലും, വോട്ടവകാശം വിനിയോഗിക്കുന്നതിലും, വളരെ പിന്നിലാണ്. പൗരത്വം സ്വീകരിക്കുവാൻ നാം പ്രകടിപ്പിക്കുന്ന ആവേശം വോട്ടർ രജിസ്ട്രേഷനായി കാട്ടുന്നില്ല. വോട്ടർ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളവരിൽ പോലും പകുതിയിലധികം വോട്ട് ചെയ്യുവാനുള്ള താല്പര്യം കാട്ടുന്നില്ല. അമേരിക്കൻ രാഷ്ട്രീയത്തിലുള്ള താല്പര്യകുറവ്, തൊഴിലിടങ്ങളിലെ സമ്മർദ്ദം, കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസവും, സുരക്ഷിതമായൊരു ജീവിതവും ഉറപ്പുവരുത്തുവാനുള്ള കഠിനാദ്ധ്വാനം, മത, സാമുദായിക സംഘടനകളോടുള്ള അമിത അഭിനിവേശം എന്നിവ വോട്ടു ചെയ്യുന്നതിനെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാകാം. ജ്യൂറി ഡ്യൂട്ടിക്ക് വിളിയ്ക്കപ്പെടുമോയെന്ന ഭയം നിരവധി പേരെ വോട്ടർ രജിസ്ട്രേഷനിൽ നിന്നും പിന്തിരിപ്പിക്കുന്നു.

തിരഞ്ഞെടുപ്പുകളോടുള്ള അമേരിക്കയിലെ ഇന്ത്യൻ വംശജരുടെ സമീപനത്തിൽ പ്രകടമായ മാറ്റം 2016 പൊതു തിരഞ്ഞെടുപ്പിൽ ദർശിക്കപ്പെട്ടു. പ്രസിഡന്റ് സ്ഥാനാർത്ഥികളായിരുന്ന ഡൊണാൾഡ് ട്രംബിനും, ഹിലരി ക്ലിന്റനും, അനുകൂലവും പ്രതികൂലവുമായി അനേകായിരം ഇന്ത്യൻവംശജർ സോഷ്യൽമീഡിയാ വഴി ആവേശത്തോടെ സംവാദിച്ചു. പ്രിന്റ്, ദൃശ്യ ഓൺലൈൻ മാധ്യമങ്ങൾ വഴിയും ഇരു സ്ഥാനാർത്ഥികളുടെയും അനുഭാവികൾ ശക്തമായ പ്രചരണങ്ങൾ നടത്തി. ന്യൂജേഴ്സിയിൽ ഇന്ത്യൻസ് ഫോർ ട്രംബ് ന്ന പേരിൽ നടത്തിയൊരു തിരഞ്ഞെടുപ്പ് സമ്മേളനത്തിൽ 3000-ലധികം ഇന്ത്യൻ വംശജർ സംഭാവനയും നൽകി പങ്കെടുത്തു. 2016 തിരഞ്ഞെടുപ്പിലെ വിവാദങ്ങളും, സംഭവവികാസവും, ഡൊണാൾഡ് ട്രംബിന്റെ ട്രമ്പിന്റെ അട്ടിമറി വിജയവും ഇന്ത്യൻ വംശജർക്കിടയിൽ സൃഷ്ടിച്ച പുത്തൻ ഉണർവ്വ് വരും തിരഞ്ഞെടുപ്പുകളിലും പ്രതിഫലിക്കുമെന്ന് നമുക്ക് കരുതാം. കാലിഫോർണിയായിൽ നിന്നുള്ള സെനറ്റർ കമലാ ഹാരീസ്, ഇല്ലാനോയിൽ നിന്ന് വിജയിച്ച പ്രതിനിധി സഭാംഗം രാജാ കൃഷ്ണമൂർത്തി എന്നിവർ ഉൾപ്പെടെ 4 ഇന്ത്യൻ വംശജർ യു.എസ്, കോൺഗ്രസിൽ എത്തപ്പെട്ടുവെന്നത് രാഷ്ട്രീയരംഗത്തേക്ക് കടന്നുവരുവാൻ കൂടുതൽ ഇന്ത്യൻവംശജർക്ക് പ്രചോദനമാകും.

അമേരിക്കൻ തിരഞ്ഞെടുപ്പുകളിൽ സജീവമായി ചർച്ച ചെയ്യപ്പെടുന്നതും, എല്ലാവിഭാഗം ജനങ്ങളേയും സാരമായി ബാധിക്കുന്നതുമായ ഒട്ടുമിക്ക വിഷയങ്ങളിലും റിപ്പബ്ലിക്കൻ-ഡെമോക്രാറ്റിക് പാർട്ടി നേതാക്കൾക്ക് തികച്ചും വ്യത്യസ്തമായ നിലാപാടുകളാണുള്ളത്. വംശീയ വിദ്വേഷം, വിവേചനം, അബോഷൻ റൈറ്റ്സ്, ഗേ റൈറ്റ്സ്, ഗേ മാര്യേജ്, ഇത്തരം വിഷയങ്ങൾ നമ്മേ കാര്യമായി അലട്ടുന്നുണ്ടാകില്ല. എന്നാൽ ആരോഗ്യ സംരക്ഷണം, നികുതി വർദ്ധനവ് തോക്കുകളുടെ മേൽ നിയന്ത്രണം, വർദ്ധിച്ചുവരുന്ന അക്രമങ്ങളും, കൊലപാതകങ്ങളും, കുടിയേറ്റ നിയമപരിഷ്ക്കരണം, സോഷ്യൽ സെക്യൂരിറ്റി- മെഡിക്കെയർ എന്നിവയുടെ നിലനില്പ്, തൊഴിൽ അവസരങ്ങൾ

സൃഷ്ടിക്കൽ മിനിമം വേതന വർദ്ധനവ്, ഉന്നത നിലവാരം പുലർത്തുന്ന പൊതുവിദ്യാഭ്യാസം, കുറഞ്ഞ പലിശയ്ക്ക് വിദ്യാഭ്യാസ വായ്പ എന്നിവ പോലുള്ള വിഷയങ്ങളിൽ രാഷ്ട്രീയ പാർട്ടികളുടെയും ഭരണാധികാരികളുടെയും മനോഭാവവും നടപടികളും എല്ലാ അമേരിക്കൻ ജനതയെയും പോലെ നമ്മേയും സാരമായി ബാധിക്കുന്നവയാണ്.

ഒട്ടുമിക്ക ദേശങ്ങളുടെയും നിലനില്പിനാവശ്യമായ സമ്പത്ത് കണ്ടെത്തുവാനുള്ള മുഖ്യ സ്രോതസ്സ് ജനങ്ങളിൽ നിന്നും, വ്യാപാരികളഇൽ നിന്നും, വ്യവസായ സ്ഥാപനങ്ങളിൽ നിന്നും സ്വരൂപിയ്ക്കുന്ന പലവിധത്തിലുള്ള നികുതി പണമാണ്. സമ്പന്ന വർഗ്ഗത്തിനും, വൻകിട കോർപ്പറേഷനുകൾക്കും ധാരാളമായി നികുതി ഇളവ് നൽകുന്ന റിപ്പബ്ലിക്കൻ സമീപനവും, ധൂർത്തിനും, അഴിമതിയും, അനാവശ്യ ക്ഷേമപദ്ധതികൾക്കുമായി അന്യായമായി നികുതി വർദ്ധിപ്പിക്കുന്ന ഡെമോക്രാറ്റിക് മനോഭാവവും ഒരുപോലെ എതിർക്കുവാനേ സ്വതന്ത്രമായി നിരീക്ഷിക്കുന്ന ഏവർക്കും കഴിയും.

ആരോഗ്യ സംരക്ഷണ നിയമം പാസ്സാക്കേണ്ടതിന്റെ ആവശ്യകത, അരനൂറ്റാണ്ടിലേറെയായി അമേരിക്കയിലെ എല്ലാ തിരഞ്ഞെടുപ്പുകളിലും സജീവമായി ചർച്ച ചെയ്യപ്പെടുന്നൊരു വിഷയമാണ്. ഇരു പാർട്ടികളുടെയും പരസ്പര വിരുദ്ധമായ നിലപാടു മൂലം ശാശ്വതമായൊരു പരിഹാരം കാണാത്തൊരു പ്രതിസന്ധി ഒട്ടുമിക്ക യൂറോപ്യൻ രാജ്യങ്ങളിലും, കാനഡായിലും നിലനിൽക്കുന്നതുപോലെ ആരോഗ്യ സംരക്ഷണം പൗരരുടെ അവകാശവും ദേശത്തിന്റെ കടമയുമായി കരുതണമെന്ന് ഒരു വിഭാഗം വാദിയ്ക്കുമ്പോൾ, വ്യക്തികളുടെയും മാതാപിതാക്കളുടെയും ഉത്തവാദിത്തമാണിതെന്ന ഇടുങ്ങിയ നിലപാടാണ് മറു വിഭാഗത്തിനുള്ളത്. ഇൻഷുറൻസ് കമ്പനികൾ കുത്തനെ പ്രീമിയം വർദ്ധിപ്പിക്കുയും ചെയ്തപ്പോൾ അമേരിക്കയിൽ 47 മില്ല്യണിലധികം ജനതയ്ക്ക് ചികിത്സയ്ക്കുള്ള അവസരം നഷ്ടപ്പെട്ടു. അഫോർഡബിൾ കെയർ ആക്ട് വഴി 17 മില്ല്യണോളം ജനതയ്ക്ക് ആരോഗ്യസംരക്ഷണം ലഭ്യമാക്കിയെങ്കിലും, ഇരുപാർട്ടികളുടെ വ്യത്യസ്തനിലപാടും സമവായത്തിന്റെ അഭാവവും മൂലം ഒരു ശരശയ്യയിലെന്ന നിലയിലാണ് പ്രസ്തുത പദ്ധതിയിപ്പോൾ. ആരോഗ്യമുള്ളൊരു ജനത ഒരു ദേശത്തിന്റെ ഏറ്റവും വലിയ സമ്പത്താണെന്ന തിരിച്ചറിവ് ഭരണാധികാരികൾക്കും, രാഷ്ട്രീയ നേതൃത്വങ്ങൾക്കും ഉണ്ടായാൽ അനായാസം ഉറപ്പു വരുത്തുവാൻ കഴിയുന്നതാണ് ആരോഗ്യസംരക്ഷണം.

1965-ൽ നിലവിൽ വന്ന മെഡിക്കെയർ നിയമമാണ് ബഹുഭൂരിപക്ഷം വരുന്ന അമേരിക്കയിലെ മുതിർന്നവരുടെ ചികിത്സയ്ക്കായുള്ള മുഖ്യആശ്രയം. മെഡിക്കെയർ വ്യവസ്ഥകൾ നിർത്തലാക്കുവാനോ, അവയുടെ മേൽ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനോ ഉള്ള ശ്രമങ്ങൾ സജീവമാണിവിടെ. ശക്തമായ പൊതുവികാരം ഒന്നു മാത്രമാണ് മെഡിക്കെയർ, മെഡിക്കെയിഡ് പദ്ധതികൾ നിലനിർത്തിക്കൊണ്ടു പോകുന്നത്.

മെഡിക്കെയർ പോലെ മുതിർന്നവർക്ക് ഏറെ പ്രധാനമായതാണ് സോഷ്യൽ സെക്യൂരിറ്റിയുടെ സംരക്ഷണം. 65 വയസ്സിനു മുകളഇലുള്ള അമേരിക്കൻ ജനതയിൽ ബഹുഭൂരിപക്ഷത്തിന്റെയും വരുമാനത്തിന്റെ 90%വും സോഷ്യൽ സെക്യൂരിറ്റി വഴി ലഭിയ്ക്കുന്ന പെൻഷനാണ്. വൃദ്ധജനങ്ങൾക്ക് നൽകുന്നൊരു ഔദാര്യമല്ല സോഷ്യൽ സെക്യൂരിറ്റി. പ്രത്യുത ജോലി ചെയ്തപ്പോൾ ലഭിച്ച ശമ്പളത്തിൽ നിന്ന് നിശ്ചിത തുക അടച്ച് നേടിയെടുത്തതാണ് ഈ അവകാശം. സമവായ

ത്തിലൂടെ കൂടുതൽ ഫണ്ടിംഗ് കണ്ടെത്തുവാൻ കഴിഞ്ഞില്ലെങ്കിൽ, വെറും 24 വർഷം മാത്രമേ ഇന്നത്തെ നിലയിൽ സോഷ്യൽ സെക്യൂരിറ്റി നിലനിർത്താനാകൂ.

2009 മുതൽ അമേരിക്കയിൽ നിലനിൽക്കുന്ന ഫെഡറൽ മിനിമം വേതനം മണിക്കൂറിന് 7.25 ഡോളറാണ്. ചില സംസ്ഥാനങ്ങളും നഗരങ്ങളും ഉയർന്ന മിനിമ വേതനം നടപ്പാക്കിയിട്ടുണ്ട്. ഇല്ലിനോയി സംസ്ഥാനത്തെ മിനിമം വേതനം മണിക്കൂറിന് 8.25 ഡോളറാണ്. ചിക്കാഗോ സിറ്റിയിൽ 2017 ജൂലൈ 1-മുതൽ മിനിമം വേതനം മണിക്കൂറിന് 13 ഡോളറായി ഉയർത്തിയിട്ടുണ്ട്. 23050 ഡോളറിൽ താഴെ വാർഷിക വരുമാനം ലഭിയ്ക്കുന്നവരെ അമേരിക്കയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ ആയിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ മിനിമം വേതനം മണിക്കൂറിന് 11 ഡോളറെങ്കിലുമായി വർദ്ധിപ്പിച്ചാൽ മാത്രമേ താഴ്ന്ന വരുമാനമുള്ള അനേകരെ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിക്കാൻ കഴിയൂ. ബഹുഭൂരിപക്ഷം അമേരിക്കയിലെ മലയാളികളും ദാരിദ്ര്യരേഖയ്ക്ക് രണ്ടോ മൂന്നോ മടങ്ങ് മുകളിലാണെങ്കിലും, നമ്മുടെ കുടുംബംഗങ്ങളിലും ചിലരെങ്കിലും താഴ്ന്ന വേതനത്തിൽ വെക്കേഷനോ, സിക്ക് ലീവോ ലഭിയ്ക്കാതെ രണ്ടറ്റം കൂട്ടിമുട്ടിയ്ക്കാൻ കഷ്ടപ്പെടുന്നുണ്ടെന്ന വസ്തുത നാം വിസ്മരിച്ചുകൂടാ.

കൂട്ടക്കുരുതികൾ ഒരു തുടർക്കഥയെന്നോണം അമേരിക്കയിൽ സംഭവിച്ചിട്ടും, തോക്കുകളുടെ മേൽ യാതൊരു നിയന്ത്രണത്തിനും, ഭരണാധികാരികളോ, ഇവിടുത്തെ കോടതികളോ തയ്യാറാകുന്നില്ല. 58 നിരപരാധികളുടെ മരണത്തിനും, 500-ലധികം പേർക്ക് സാരമായ പരിക്കേല്ക്കുവാനും ഇടയാക്കിയ ലാസ്വേഗാസ് കൂട്ടക്കൊല അമേരിക്കയെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. ഈ വെടിവെയ്പ്പിനെത്തുടർന്ന് സെമി ഓട്ടോമാറ്റിക് തോക്കുകളായി മാറ്റുവാൻ കഴിയുന്ന 'ബോംബ് സ്റ്റോക്ക്' എന്ന ഉപകരണം നിരോധിയ്ക്കണമെന്ന മുറവിളി ഉയർന്നു. ഇരുപാർട്ടി കോൺഗ്രസ്സ് നേതൃത്വങ്ങൾക്കൊപ്പം ഗൺ റൈറ്റ്സിനായി നിലകൊള്ളുന്ന നാഷണൽ റൈഫിൾ അസോസിയേഷനും ഈ നിരോധനത്തെ പിന്തുണച്ചു. പക്ഷേ, ആത്മാർത്ഥതയില്ലാത്ത എൻ.ആർ.ഏയുടെയും, റിപ്പബ്ലിക്കൻ നേതൃത്വത്തിന്റെയും പിന്തുണയ്ക്ക് ഏതാനും ദിവസത്തെ ആയുസ്സ് മാത്രമേ ഉണ്ടായുള്ളൂ. ഡെമോക്രാറ്റിക് പാർട്ടിയ്ക്ക് മുന്നിൽ രണ്ടിനടുത്തു ഭൂരിപക്ഷണുള്ള ഇല്ലിനോയിൽ പോലും 'ബോംബ് സ്റ്റോക്ക്' നിരോധിയ്ക്കുവാനുള്ള ബിൽ പരാജയപ്പെട്ടുവെന്നറിയുമ്പോൾ, രാഷ്ട്രീയക്കാരുടെ കപടമുഖം വ്യക്തമാകുമല്ലോ.

തോക്കുകൾ മാത്രമല്ല, ട്രക്കുകളും ഭീകരപ്രവർത്തനത്തിനും കൂട്ടക്കുരുതിയ്ക്കുമായി ദുരുപയോഗം ചെയ്യുമെന്ന് യൂറോപ്യൻ നഗരങ്ങളിലും, ന്യൂയോർക്കിലും നടത്തിയ അക്രമങ്ങളിലൂടെ ഇസ്ലാമിക തീവ്രവാദികൾ തെളിയിച്ചുകഴിഞ്ഞു. എന്നിട്ടും അത്തരം ഭീകരവാദികൾക്ക് ഇവിടെ പ്രവേശനം നിഷേധിയ്ക്കുവാനുള്ള കർശന കുടിയേറ്റ നിയമങ്ങൾ നടപ്പിലാക്കുവാൻ നമുക്ക് കഴിയുന്നില്ല. പലപ്പോഴും ഡെമോക്രാറ്റുകളും കോടതികളുമാണ് അത്തരം നിയമങ്ങൾ നടപ്പാക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നത്. അപകടം മണത്തിട്ടും, അനധികൃത കുടിയേറ്റക്കാർക്ക് കൂടുതൽ കൂടുതൽ 'സാംക്ചറി സിറ്റികൾ' സൃഷ്ടിക്കുവാനുള്ള വ്യഗ്രതയാണ് ഒരു വിഭാഗം ഡെമോക്രാറ്റിക് നേതാക്കൾക്കുള്ളത്.

സ്വാഭിമാനമുള്ള രാഷ്ട്രങ്ങളും, ജനതയും അവർ എത്ര ദുർബലരോ, ദരിദ്രരോ ആകട്ടെ ഏതേലും വിദേശരാഷ്ട്രത്തിന്റെയോ, ഭരണകൂടത്തിന്റെയോ ഭീഷണിക്ക് മുമ്പിൽ കീഴടങ്ങാൻ തയ്യാ

റാകില്ല. വെറും ഒരു ക്രൂരനോ തെമ്മാടിയോ ആയ നോർത്ത് കൊറിയൻ പ്രസിഡന്റ് കിം ജോംഗിന്റെ നിലവാരത്തിലേക്ക് താഴുവാൻ നമുക്കാകില്ല. ലോകത്തിലെ പ്രബല രാഷ്ട്രങ്ങൾക്കൊപ്പം ഇറാനുമായി ഒപ്പുവെച്ച ആണവകരാർ റദ്ദുചെയ്യുമെന്ന ഭീഷണി ലോകരാഷ്ട്രങ്ങൾക്കിടയിൽ അമേരിക്കയെ ഒറ്റപ്പെടുത്തും. നീതീകരിയ്ക്കാൻ ആകാത്ത ഇറാഖ് യുദ്ധത്തിന്റെ ബാക്കിപത്രമാണ് എം.സി.സ്സ് എന്ന ഭീകരസംഘടനയും ലോകം മുഴുവൻ അവർ വിതയ്ക്കുന്ന ഭീകരതയുമെന്ന് നാം വിസ്മരിച്ചുകൂടാ.

പ്രൈമറിയാകട്ടെ, പൊതുതിരഞ്ഞെടുപ്പാകട്ടെ, ഓരോ ലോക്കൽ, കൗണ്ടി, സ്റ്റേറ്റ്, ഫെഡറൽ തിരഞ്ഞെടുപ്പുകളിലും വോട്ടു ചെയ്യുവാൻ കാരണങ്ങൾ നമുക്ക് വേറെയുമുണ്ട് അനവധി. എന്നാൽ അവയെക്കാളേറെ നമ്മളെ ആശങ്കപ്പെടുത്തുന്നത് നമ്മുടെ ജനാധിപത്യം തന്നെ ദുർബലമാകുന്നുവെന്ന അവസ്ഥയാണ്. അത്തരം അപകടം തിരിച്ചറിയുമ്പോൾ മാത്രമേ, സമ്മതിദാനം വെറുമൊരു അവകാശമല്ല, പ്രസ്തുത കടമയും മഹത്തരമായൊരു പൗരധർമ്മവും കൂടിയാണെന്ന ബോധ്യം നമുക്കുണ്ടാകുക.

അമേരിക്കയുടെ ഭരണനേതൃത്വം ദേശീയതലത്തിലും സംസ്ഥാനതലങ്ങളിലും സമ്പന്നവർഗ്ഗത്തിന്റെയും അവരുടെ ചൊല്പടിക്ക് നിൽക്കുകയും താല്പര്യം സംരക്ഷിക്കുയും ചെയ്യുന്നവരിലേയ്ക്ക് വഴുതിമാറിക്കൊണ്ടിരിക്കുന്നൊരു ദുരവസ്ഥയാണ് ഇപ്പോഴുള്ളത്. 2010-ൽ യു.എസ്. സുപ്രീം കോടതി 'സിറ്റിസൺസ് യുണൈറ്റഡ്' എന്ന തിരഞ്ഞെടുപ്പ് ഫണ്ട് വിവാദ കേസിൽ പുറപ്പെടുവിച്ചൊരു തെറ്റായ വിധിയിലൂടെ വൻകിട കോർപ്പറേഷനുകൾക്കും, ഗ്രേഡ് യൂണിയനുകൾ പോലുള്ള തല്പര സംഘടനകൾക്കും ഏതൊരു സ്ഥാനാർത്ഥിയുടെയും വിജയത്തിനോ പരാജയത്തിനോ ആയി പരിമിതികൾ ഏതും കൂടാതെ സ്വന്തം നിലയിൽ പണം ചിലവഴിയ്ക്കുവാനും, പ്രചരണം നടത്തുവാനുമുള്ള അനുമതി നൽകി. പ്രസ്തുത സുപ്രീംകോടതി വിധിയുടെ മറവിലാണ് അതിസമ്പന്നരായ കോച്ച് ബ്രദേഴ്സ് കഴിഞ്ഞ റിപ്പബ്ലിക്കൻ പ്രസിഡൻഷ്യൽ പ്രൈമറിയിൽ മത്സരിച്ച വിസ്കോൺസിൽ ഗവർണർ സ്കോട്ട് വാക്കറിന്റെ പ്രചരണത്തിനായി 1 ബില്ല്യൺ ഡോളർ ചിലവഴിയ്ക്കുമെന്ന് പരസ്യപ്രസ്താവന നടത്തിയത്. സമ്പന്നർ മാത്രമല്ല ശത്രു രാജ്യങ്ങൾ പോലും, ഇലക്ഷൻ നിയമത്തിലെ ഇത്തരം പഴുതുകൾ ദുരുപയോഗപ്പെടുത്തി നമ്മുടെ തിരഞ്ഞെടുപ്പുകളെ സ്വാധീനിയ്ക്കുവാനും, അട്ടിമറിയ്ക്കാനും ശ്രമിയ്ക്കുമെന്ന് 2016 തിരഞ്ഞെടുപ്പിലെ വിവാദമായ റഷ്യയുടെ ഇടപെടൽ വ്യക്തമാക്കുന്നു.

2014-ൽ ഇല്ലിനോയി ഗവർണർ സ്ഥാനത്തേയ്ക്ക് മത്സരിച്ച ബ്രസ് റൗണർ സ്വന്തം 50 മില്യൺ ഡോളർ തന്റെ പ്രചരണത്തിനായി ചിലവഴിച്ചു. സംഭാവനയായി ലഭിച്ച അനേക മില്യണുകൾ വേറെയും. സ്ഥാനം നിലനിർത്തുവാനായി അടുത്ത നവംബറിൽ തിരഞ്ഞെടുപ്പിനായി സ്വന്തം 50 മില്യൺ ഉൾപ്പെടെ 72 മില്യൺ ഡോളർ  സ്വരൂപിച്ചു കഴിഞ്ഞു അദ്ദേഹം. ഗവ. ബ്രൂസ് റൗണറും, ഡെമോക്രാറ്റിക് എതിരാളിയാകുമെന്ന പ്രതീക്ഷിക്കുന്ന ബില്യണർ ഡെ. ബി. പ്രിസ്കറ്റും ഏതാണ്ട് അത്രയും തുക ചിലവഴിയ്ക്കുവാനുള്ള തയ്യാറെടുപ്പിലാണ്. പണത്തിന്റെ അമിതസ്വാധീനം, ആരോപണ പ്രത്യാരോപണങ്ങളിൽ കേന്ദ്രീകരിച്ച് തിരഞ്ഞെടുപ്പിൽ ചർച്ചയാകേണ്ട യഥാർത്ഥ വിഷയങ്ങളിൽ നിന്ന് ജനശ്രദ്ധ തിരിച്ച് വിടും. കൂടാതെ സമ്പന്നരോട് കിട പിടിയ്ക്കാൻകഴിയുന്ന സമർത്ഥരും, ദേശസ്നേഹികളും, ജനസേവകരുമായ വ്യക്തികളെ തിരഞ്ഞെടുപ്പ് രംഗത്ത് നിന്ന് വിട്ടുനില്ക്കുവാൻ നിർബന്ധിതരാക്കുകയും ചെയ്യും. ലോകം മുഴുവൻ ജനാധിത്യ ആശയങ്ങൾ പ്രചരിപ്പിക്കുവാനും,

ഭരണകൂടങ്ങൾ സ്ഥാപിക്കുവാനുമായി വിലക്കപ്പെട്ട അനേകം അമേരിക്കൻ ജീവനുകൾക്കൊപ്പം ബില്ല്യണുകളും, ട്രില്ല്യങ്ങുകളും ചിലവഴിച്ച അമേരിക്കയിൽ അതേ ബില്ല്യണുകളുടെ പ്രഹരത്താൽ ജനാധിപത്യം ദുർബലപ്പെടുന്നുവെന്നത് നമുക്കൊപ്പം മിത്രരാജ്യങ്ങൾക്കും ആശങ്കയ്ക്കിടയാകുന്നു ശത്രു രാജ്യങ്ങൾക്കോ കാവ്യനീതിയായി ചിത്രീകരിച്ച് പരിഹസിയ്ക്കാനൻ അവസരവും.

ജന്മനാടിനെ ആത്മാർത്ഥമായി സ്നേഹിക്കുകയും അവിടത്തെ രാഷ്ട്രീയം സൂക്ഷ്മമായി നിരീക്ഷിയ്ക്കുകയും ചെയ്യുന്ന നമ്മിൽ പലരും ഒരു വിശ്രമജീവിതം കേരളത്തിൽ സ്വകാര്യമായെങ്കിലും സ്വപ്നം കാണുന്നവരാണ്. എന്നാൽ അമേരിക്കയിൽ കുടിയേറിയ പ്രവാസി ഇന്ത്യാക്കാരിൽ ഭൂരിപക്ഷത്തിനും സ്ഥിരമായൊരു മടക്കയാത്ര അങ്ങോട്ടില്ലെന്നതാണ് യാഥാർത്ഥ്യം. നമ്മുടെയും, മക്കളുടെയും, ഭാവിതലമുറകളുടെയും ഭാഗധേയങ്ങൾ നിർണ്ണയിക്കപ്പെടുന്നത് ഇവിടുത്തെ രാഷ്ട്രീയ നിലപാടുകളും, സാമൂഹ്യസാമ്പത്തിക വ്യവസ്ഥകളുമാണ്. ആയതിനാൽ ഇതൊരു അഭ്യർത്ഥന മാത്രമല്ല, അപേക്ഷ കൂടിയാണ്. രണ്ടര നൂറ്റാണ്ട് പിന്നിടുന്ന അമേരിക്കയിലെ ജനാധിപത്യം നിലനിർത്തുവാൻ ബലവത്താക്കുവാൻ അർത്ഥവത്താക്കുവാൻ, കടമയേക്കാളുപരി ഒരനുഷ്ഠാനമായി ഓരോ തിരഞ്ഞെടുപ്പിലും സഹപൗരർക്കൊപ്പം സമ്മതിദാനാവകാശം വിനിയോഗിയ്ക്കണമെന്ന നിശ്ചയദാർഢ്യം നാം വച്ചുപുലർത്തണമെന്ന്.

********